**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ</u> | <u>20.10.2016-ൽ മറുപടിക്ക്</u>
<u>ചോദ്യം നമ്പർ.T 3730</u>

**<u>നടുവിൽ പോളിടെക്നിക്ക്</u>**

| **<u>ചോദ്യം</u>**<br>ശ്രീ. കെ.സി. ജോസഫ് | **<u>മറുപടി</u>**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ നടുവിൽ എന്ന സ്ഥലത്ത് ആരംഭിക്കുവാൻ തീരുമാനിച്ച പോളിടെക്നിക്കിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ;<br><br>(ബി) കേന്ദ്രസംഘം നടത്തിയ പരിശോധനയിൽ നിർദ്ദേശിച്ച പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7.4 ഏക്കറിൽ നിന്നും 5 ഏക്കർ ഭൂമി നടുവിൽ പോളിടെക്നിക്കിനു വേണ്ടി കൈമാറാൻ 16.3.2016 തീയതിയിലെ ക്യാബിനറ്റ് യോഗത്തിൽ ഐറ്റം നം. 8766 പ്രകാരം തീരുമാനം എടുത്തിരുന്നെങ്കിലും ഇലക്ഷൻ പ്രക്രിയ കഴിയുന്നതു വരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവാകുകയാണുണ്ടായത്. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനക്ക് വിഷയം സമർപ്പിക്കുകയും ഇക്കാര്യം പരിശോധനയിലുമാണ്. 2016-17 വർഷത്തേയ്ക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരത്തിനായി ഓൺലൈൻ അപേക്ഷ നൽകിയതിന്റെ തുടർ നടപടിയായി എ.ഐ.സി.റ്റി.ഇ. സ്റ്റാന്റിംഗ് അപ്പലേറ്റ് കമ്മിറ്റി മുമ്പാകെ 25.5.2016 ന് ന്യൂനതകൾ പരിഹരിച്ച് ഹാജരാകുവാൻ എ.ഐ.സി.റ്റി.ഇ. നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ടായിരുന്നു. എങ്കിലും 2016-17 വർഷത്തേയ്ക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ 2017-18 വർഷത്തേയ്ക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ